പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 263 05-03-12-ൽ മറുപടിക്ക്.

## വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിയും അമിതമായ മദ്യവിപണനവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മോയിൻകുട്ടി :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. എം. ഉമ്മർ :<br>ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന മദ്യപാനാസക്തിയും അമിതമായ മദ്യവിപണനവും നിയന്ത്രിക്കാനും, വരുംതലമുറകളിൽ മദ്യപാന ശീലം വളർത്താതിരിക്കാനും ഉദ്ദേശിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ലഹരി വിരുദ്ധ ബോധവൽക്കരണത്തിന് വേണ്ടി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. മദ്യത്തിന്റെ വ്യാപകമായ ഉപയോഗം തടയുന്നതിന്റെ ഭാഗമായി, മദ്യാസക്തിക്കെതിരെയുള്ള ബോധവൽക്കരണം, ജനപ്രതിനിധികളുടെയും, സർക്കാർ - സർക്കാരിതര സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ നടത്തി വരുന്നു. മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. കൂടാതെ, സംസ്ഥാനത്തെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ, ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന 'STOP SAD' എന്ന ജാലവിദ്യാ പ്രകടനവും നടത്തുകയുണ്ടായി. F.M. റേഡിയോയിലൂടെ ലഹരി വിരുദ്ധ പ്രചരണം നടത്തുന്നുണ്ട്. മദ്യാസക്തിക്കെതിരെ, ലഹരി വർജ്ജന ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, തെരുവ് നാടകങ്ങൾ എന്നിവ നടത്തി വരുന്നു. ജനകീയ കമ്മിറ്റികൾ, പഞ്ചായത്ത് / താലൂക്ക് /ജില്ലാ തലത്തിൽ പ്രവർത്തിച്ചു വരുന്നു. എക്സൈസ് |

[മറുപുറം]

ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് വാഹന പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. അബ്കാരി കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച്, മേൽ നടപടിക്കായി എക്സൈസിലെ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറാൻ പ്രത്യേക ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ, പോലീസ്, റവന്യൂ, വനം എന്നീ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത റെയിഡുകളും നടത്തി വരുന്നുണ്ട്. യുവജനങ്ങളിലെ മദ്യപാനാസക്തിക്കെതിരെയുള്ള ബോധവൽക്കരണത്തിനായി എല്ലാ നിയോജക മണ്ഡലങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇക്കാര്യത്തിൽ പുതിയ പദ്ധതികളെന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. കെ.എസ്.ആർ.ടി.സി. മുഖേനയും, റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലുമുള്ള സി.സി.ടി.വി. വഴിയും, വാരികകൾ വഴിയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നതാണ്. |
| (സി) | മദ്യനിരോധനത്തെക്കാൾ സുലഭമായി മദ്യം ലഭ്യമാക്കിക്കൊണ്ട് മദ്യത്തിനെതിരെ ബോധവൽക്കരണമാണ് നല്ലതെന്ന മുൻസർക്കാരിന്റെ നയം പിൻതുടരാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ബോധവൽക്കരണത്തിലൂടെയുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ഡി) | മദ്യപാനാസക്തി വളർത്താനുതകുന്ന പൊതുസ്ഥലങ്ങളിലെ മദ്യപാനം, സിനിമാസീരിയൽ എന്നിവയിലെ മദ്യപാനരംഗങ്ങൾ, മദ്യപിച്ചുള്ള വാഹനഡ്രൈവിംഗ് എന്നിവയ്ക്കെതിരെയുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ നിർദ്ദേശം നല്കുമോ; | (ഡി) | നിർദ്ദേശം നൽകുന്നതാണ്. |
| (ഇ) | മുൻസർക്കാരിന്റെ കാലത്ത് പുതുതായി അനുവദിച്ച ബാറുകൾ, മദ്യ ഔട്ട്ലെറ്റുകൾ എന്നിവ സംബന്ധിച്ച വിശദവിവരം നല്കുമോ? | (ഇ) | മുൻസർക്കാരിന്റെ കാലത്ത്, 152 ബാറുകളും, 33 കെ.എസ്.ബി.സി. മദ്യ ഔട്ട്ലെറ്റുകളും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ